പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:867 30.06.15 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഉദുമ-കൊവ്വൽ, കൊപ്പൽ, ചെമ്പരിക്ക തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാത്തതിനാൽ ശക്തമായ കടലാക്രമണത്തിൽ വീടുകൾക്കും, വിളകൾക്കും നാശനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) പ്രസ്തുതസ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകാമോ? | (ബി) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജക മണ്ഡലത്തിൽ കൊവ്വൽ, കൊപ്പൽ, എന്നീ സ്ഥലങ്ങളിൽ ചെയ്നേജ് 39/360 - 39/860 കി.മി. വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ചെമ്പരിക്ക കടപ്പുറത്ത് 460 മീറ്റർ നീളത്തിൽ 35/450 മുതൽ 35/910 വരെ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാത്രമേ പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ